(ബി) ടിക്കറ്റ് പ്രിന്റിംഗ്:—ശ്രീലക്ഷ്മി വിലാസം പ്രസ്സ്, സാത്തൂർ, വിരുതുനഗർ ഡിസ്ട്രിക്ട്, തമിഴ്നാട്.

കൺസഷൻ ടിക്കറ്റുകൾ:—ഗവൺമെന്റ് സ്റ്റാമ്പ് മാനുഫാക്ചറിംഗ് ഡിപ്പോ, തിരുവനന്തപുരം ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നീ സ്ഥാപനങ്ങളിലൂടെ അച്ചടിക്കുന്നു.

മറ്റു പ്രിന്റിംഗ് വർക്കുകൾ:—കേരള സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനും മൽസര സ്വഭാവമുള്ള ടെൻഡറുകളിലൂടെ സ്വകാര്യ പ്രസ്സുകൾക്കും നൽകുന്നു.

(സി) ചില ജോലികൾ ഇപ്പോൾതന്നെ ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന് നൽകിവരുന്നുണ്ട്.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ. എസ്. ആർ. ടി. സി.-ക്ക് ടിക്കറ്റ് പ്രിന്റിംഗിനും മറ്റു പ്രിന്റിംഗിനുമായി ഓരോ വർഷവും ശരാശരി 80,17,932 രൂപ ചെലവായിട്ടുണ്ട്.

എം. എ. സി. റ്റി. വിധിയായ കേസുകൾക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലുള്ള തടസ്സം നീക്കാൻ നടപടി

81 [5637] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം. എ. സി. റ്റി. വിധിയായ കേസ്സുകൾ പ്രകാരം നഷ്ട പരിഹാരത്തുക അനുവദിക്കാൻ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ ബസ്സുകൾ ഉൾപ്പെടെ ജപ്തി ചെയ്ത എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. അധികൃതരുടെ അലംഭാവം കൊണ്ടാണ് ജപ്തി നടപടികൾ ഉണ്ടാകുന്നതെങ്കിൽ അതിന് കാരണക്കാരായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ് നഷ്ടപരിഹാരത്തുക നൽകാൻ കാലതാമസം നേരിടുന്നത്.

(ബി) 49 അവസരങ്ങളിലായി ജപ്തി നടപ്പാക്കിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly